## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 532
## 10.06.2014-ലെ മറുപടിക്ക്

### സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കു വഴിയാക്കാൻ നീക്കം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായി ബാങ്കുകളിലേയ്ക്ക് മാറ്റാനുള്ള നീക്കം ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ; ശമ്പള അക്കൗണ്ട് ലഭിക്കുന്നതിനായി ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്ന ജീവനക്കാർക്ക് ശമ്പളത്തിന്റെ 75 ഇരട്ടി വരെ ജാമ്യമില്ലാ വായ്പ നൽകാമെന്ന വാഗ്ദാനം നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായി ബാങ്കുകളിലേയ്ക്ക് മാറ്റാനുള്ള നീക്കങ്ങളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ ശമ്പളം അവർ അപ്രകാരം നിർദ്ദേശിക്കുന്നുവെങ്കിൽ പൊതു മേഖലാ ബാങ്ക് അക്കൗണ്ട് വഴിയും സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബാങ്കുവഴി ശമ്പളം സ്വീകരിക്കുന്ന ജീവനക്കാർക്ക് ബാങ്കുകൾ എന്തെങ്കിലും വാഗ്ദാനം നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | 2012 ജനുവരിയിൽ ഇറക്കിയ ഉത്തരവു പ്രകാരം പദ്ധതി വിഹിതവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടും ട്രഷറിയിൽ നിന്നും ബാങ്കുകളിലേയ്ക്ക് മാറ്റിയത് തിരികെ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പ്രസ്തുത നടപടി സ്വീകരിച്ചാൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) സർക്കാർ ഫണ്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടുകളും ട്രഷറിയിൽ തന്നെ നിലനിർത്തണമെന്നാണ് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. പൊതു മേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധന (പരിശോധനാ) വിഭാഗത്തിനും |

| | | |
|---|---|---|
| | | നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല 27.3.14 -ലെ 31/2014/Fin സർക്കുലറിന്റെ ഖണ്ഡിക (ii)പ്രകാരം വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഫണ്ട് തിരികെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ജീവനക്കാരുടെ ശമ്പളം ട്രഷറി വഴിയാണെങ്കിൽ പ്രതിവർഷം പരമാവധി 1000 കോടി രൂപയുടെ കാഷ് ബാലൻസ് സൂക്ഷിക്കാൻ കഴിയുമെന്ന് ട്രഷറി വകുപ്പ് നടത്തിയ പഠനത്തിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) ട്രഷറി വകുപ്പ് ഇപ്രകാരമുള്ള പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ.